039650

<u>വിവരാവകാശ നിയമം 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ</u>

പ്രേഷകൻ

കരുൺലാൽ.പി
ചേത്തേക്കുടംവീട്
കൊട്ടാളി
പി .ഒ . മേരിക്കുന്ന്
കോഴിക്കോട് 673012

സ്വീകർത്താവ്

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
Directorate of Social Justice
Thiruvanantha Puram

OFFICE OF THE DIRECTOR OF SOCIAL JUSTICE
28 NOV 2017
TRIVANDRUM

സർ ,

വിഷയം :- പ്രസ്തുത വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് (സമാന തസ്തിക) sanctioned (സ്ഥിരം) തസ്തിക, ഒഴിവ്, നിയമനം എന്നിവ സംബന്ധിച്ച്:-

1) അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ സർക്കാർ അനുവദിച്ച ലാസ്റ്റ് ഗ്രേഡ് തസ്തികകളുടെ എണ്ണം എത്ര?
    a) അതിൽ Office Attenders ന്റെ എണ്ണം എത്ര?
    b) അതിൽ Watcher/Watchman/Night Watchman/Lascar/ മറ്റ് തസ്തികകൾ എന്നിവയുടെ എണ്ണം എത്ര?

2) അങ്ങയുടെ വകുപ്പിൽ നിലവിൽ ജോലി ചെയ്യുന്ന ലാസ്റ്റ് ഗ്രേഡ് ജീവനകാരുടെ എണ്ണം എത്ര?(തസ്തികയുടെ പേര് ജീവനക്കാരുടെ എണ്ണം എന്നിവ പ്രത്യേകം നൽകുക.)

3) അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ എത്ര ഒഴിവുകളുണ്ട് ?
    a) അതിൽ Office Attenders ന്റെ ഒഴിവുകളുടെ എണ്ണം എത്ര?( ഒഴിവ് വന്ന തിയ്യതി സഹിതം നൽകുക)
    b) അതിൽ Watcher/Watchman/Night Watchman/Lascar/ മറ്റ് തസ്തികകളിലുള്ള ഒഴിവുകളുടെ എണ്ണം എത്ര?( തസ്തികയുടെ പേര്, ഒഴിവ് എന്നിവ പ്രത്യേകം ഒഴിവ് വന്ന തിയ്യതി സഹിതം നൽകുക )
    c) എത്ര ഒഴിവ് PSC യ്ക്ക് / മേൽ അധികാരിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ?
    d) റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ തിയ്യതി ഫയൽ നമ്പർ സഹിതം തസ്തികകൾ വേർതിരിച്ച് നൽകുക

4) കോഴിക്കോട് ജില്ലയിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ സാധ്യതയില്ലാത്തതും എന്നാൽ ഒഴിവുള്ളതുമായ ലാസ്റ്റ് ഗ്രേഡ് തസ്തികകൾ അങ്ങയുടെ വകുപ്പിലുണ്ടോ? ഉണ്ടെങ്കിൽ എത്ര എണ്ണം?

5) നിലവിലുള്ള കോഴിക്കോട് ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ സാധിക്കാത്ത വിധം ഇതേ ശമ്പള സ്കയിലിലുള്ള തസ്തികകൾ അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ഉണ്ടോ?

6) 2017 ജനുവരി 1 മുതൽ ഇത് വരെ അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ എത്ര ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ നടന്നിട്ടുണ്ട്?

7) 2017 ജനുവരി 1 മുതൽ ഇത് വരെ അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ അന്തർജില്ലാ സ്ഥലം മാറ്റം വഴി നടന്ന ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ എത്ര?

8) 2017 ജനുവരി 1 മുതൽ ഇത് വരെ അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നടന്ന ആശ്രിത നിയമനങ്ങൾ എത്ര?

9) 2017 ജനുവരി 1 മുതൽ ഇത് വരെ അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നടന്ന അന്തർജില്ലാ നിയമനം, ആശ്രിത നിയമനം എന്നിവയിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള അനുപാതം പാലിച്ചിട്ടുണ്ടോ?

10) അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 6 മാസത്തിൽ കൂടുതൽ അവധിയെടുത്തവരുണ്ടോ?
   a) ഉണ്ടെങ്കിൽ ഏതെല്ലാം ഓഫീസുകളിൽ?
   b) ആ ഒഴിവുകൾ PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

11) P & ARD വകുപ്പിന്റെ 16.08.2017 ലെ Circular പ്രകാരം (NoAdv.C3/304/17/P &ARD) 2018 ജനുവരി 1 മുതൽ 2018 ഡിസംബർ 31 വരെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര പ്രതീക്ഷിത ഒഴിവുകളുണ്ട്?

12) 2016 ജനുവരി 1 മുതൽ Head Quarters തസ്തികയിൽ നിയമിക്കപ്പെട്ട എത്ര ജീവനക്കാർ സ്വന്തം ജില്ലയിലേക്ക് മാറാനുള്ള അവകാശം ഉപയോഗിച്ച് അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ നിയമിക്കപ്പെട്ടിട്ടുണ്ട് ?
   a) ഉണ്ടെങ്കിൽ അവർ മുമ്പ് ജോലി ചെയ്തിരുന്ന വകുപ്പുകളുടെ വിശദവിവരം തരിക.

13) മറ്റെന്തെങ്കിലും കാരണത്താൽ PSC യ്ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കാത്ത ഒഴിവുകൾ അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഉണ്ടോ ?
   a) ഉണ്ടെങ്കിൽ എത്ര എണ്ണം ?
   b) റിപ്പോർട്ട് ചെയ്യാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുക ?

14) ഒഴിവുകൾ 10 ദിവസത്തിനകം PSC യെ അറിയിക്കണമെന്ന സർക്കാർ നിർദ്ദേശം അങ്ങയുടെ വകുപ്പ് കൃത്യമായി പാലിക്കുന്നുണ്ടോ?

അങ്ങയുടെ വകുപ്പിലെ അപ്പീൽ അധികാരിയുടെ മേൽവിലാസം സഹിതം മേൽപ്പറഞ്ഞ ചോദ്യങ്ങൾക്ക് എത്രയും പെട്ടെന്ന് വിവരങ്ങൾ ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

തീയ്യതി: 24/11/17

സ്ഥലം: കോഴിക്കോട്

കരുൺലാൽ.പി